# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>വിദ്യോദയം പദ്ധതി</u>

277 ശ്രീ. ഐ. സി. ബാലകൃഷ്ണന്‍
,, വി. പി. സജീന്ദ്രന്‍
,, കെ. ശിവദാസന്‍ നായര്‍
,, ഡൊമിനിക് പ്രസന്റേഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'വിദ്യോദയം പദ്ധതി'യ്ക്ക് രൂപം നല്‍കിയിട്ടുണ്ടോ; എങ്കില്‍ ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം ഏജന്‍സികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനത്തിനായുള്ള പദ്ധതികൾ</u>

278 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനത്തിനായി പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) പത്തനംതിട്ട ജില്ലയിൽ പദ്ധതി നടപ്പിലാക്കുന്നത് ഏതൊക്കെ സ്ഥലങ്ങളിലാണ്; ഇതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; എന്തൊക്കെ പദ്ധതികളാണ് ഇവിടെ നടപ്പിലാക്കുന്നത്; ഇവയുടെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) അടിയന്തിരമായി ഇവയുടെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

ഹാംലറ്റ് വികസന പദ്ധതി

279 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ക്ഷേമത്തിനായി നടപ്പാക്കുന്ന ഹാംലറ്റ് വികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) വയനാട് ജില്ലയിൽ നിന്നും ഹാംലറ്റ് വികസന പദ്ധതിക്കായി തെരഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(സി) ഓരോ പട്ടികവർഗ്ഗ സങ്കേതത്തിനും എന്തു തുകയുടെ വികസന പദ്ധതികളാണ് നടപ്പാക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>സ്റ്റുഡൻസ് ഹെൽത്ത് എഡ്യുക്കേഷൻ പ്രമോട്ടർ പദ്ധതി</u>

280 ശ്രീ.ഐ.സി. ബാലകൃഷ്ണൻ
'' വി. പി. സജീന്ദ്രൻ
'' ബെന്നി ബെഹനാൻ
'' ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡൻസ് എഡ്യുക്കേഷൻ പ്രമോട്ടർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) പട്ടികവർഗ്ഗ കോളനികളിലും ആദിവാസി വിദ്യാർത്ഥികൾക്കിടയിലും ആരോഗ്യ ശുചിത്വ ബോധവൽക്കരണം നടത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി ആരെയൊക്കെയാണ് നിയോഗിക്കാനുദ്ദേശിക്കുന്നത്;

(ഇ) ഈ പദ്ധതി എന്നു മുതൽ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്ക് സൗജന്യ യൂണിഫോം

281 ശ്രീ.എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടിക വര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്ക് ഇപ്പോള്‍ ഏത് ക്ലാസ്സ് വരെയാണ് സൗജന്യ യൂണിഫോം നല്‍കുന്നത്;

(ബി) ഹയര്‍ സെക്കന്ററി തലം വരെയുള്ളവര്‍ക്ക് സൗജന്യമായി യൂണിഫോം നല്‍കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>ഗോത്രവിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ</u>

282 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി 13-ാം ധനകാര്യ കമ്മീഷൻ എത്ര രൂപയാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്; ഇതിൽ എത്ര രൂപയാണ് പാലക്കാട് ജില്ലക്കും, അട്ടപ്പാടി മേഖലക്കും അനുവദിച്ചിട്ടുള്ളത്;

(ബി) അട്ടപ്പാടി മേഖലയിലെ ഏതെല്ലാം ഗോത്ര വിഭാഗങ്ങൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്; ഇവരുടെ ജനസംഖ്യ എത്രയെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇവരുടെ ഊരുകൾ ഏതൊക്കെയാണ്;

(സി) പ്രസ്തുത ഗോത്രവിഭാഗങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; ഓരോ പദ്ധതിയുടെയും വിശദാംശങ്ങളും അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്ര വീതമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

ഗോത്രസഫലി പദ്ധതി

283 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
'' വി. പി. സജീന്ദ്രൻ
'' വി. ഡി. സതീശൻ
'' എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഗോത്രസഫലി' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ദുർഘടപ്രദേശത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസസ്ഥാപനങ്ങളിലേയ്ക്ക് വാഹനസൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

ആദിവാസി മേഖലകളിലെ ക്ഷേമപ്രവർത്തനങ്ങൾ

284 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. വി. ശിവൻകുട്ടി
,, പുരുഷൻ കടലുണ്ടി
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിൽ ഇപ്പോൾ സർക്കാർ നടത്തുന്നതായി പരസ്യം ചെയ്തിട്ടുള്ള ക്ഷേമപ്രവർത്തനങ്ങളെല്ലാം പൂർണ്ണ പരാജയമാകുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) ആദിവാസി മേഖലകളിലെ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ വന്ന വീഴ്ചകൾ എന്തെല്ലാമാണ്;

(സി) 2011–12, 2012–13 സാമ്പത്തിക വർഷങ്ങളിലെ പട്ടികവർഗ്ഗക്ഷേമത്തിനായുള്ള പദ്ധതിവിഹിതം എത്ര വീതമായിരുന്നു; അതിന്റെ എത്ര ശതമാനം വീതം യഥാർത്ഥത്തിൽ ചെലവഴിക്കപ്പെട്ടു; ഇതേ കാലയളവിൽ കേന്ദ്രവിഹിതം എത്ര കോടി രൂപ വീതമായിരുന്നു; എത്ര ശതമാനം ചെലവഴിച്ചു ;

(ഡി) തന്നാണ്ടിലെ ബഡ്ജറ്റ് വിഹിതം എത്ര; ഇതിനകം എത്ര ശതമാനം ചെലവഴിച്ചു;

(ഇ) യഥാർത്ഥ ഗുണഭോക്താക്കൾക്ക് പദ്ധതികളുടെ ഗുണഫലം എത്തുന്നുണ്ടെന്ന് ഉറപ്പുണ്ടോ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>ആദിവാസി കോളനികളിലെ മദ്യ ഉപയോഗം തടയുവാൻ നടപടി</u>

285 ശ്രീ.ഇ.കെ.വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി കോളനികളിൽ അമിത മദ്യപാനം മൂലം പട്ടിണിയും പോഷകാഹാരക്കുറവും വ്യാപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോളനികൾ കേന്ദ്രീകരിച്ച് വ്യാജ ചാരായ നിർമ്മാണം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ വ്യാജ ചാരായ നിർമ്മാണം തടയുന്നതിനും പോഷകാഹാരം വിതരണം ചെയ്യുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കാമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>ആദിവാസി ഊരുകളിലെ ശിശുമരണങ്ങൾ</u>

286 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര ആദിവാസി ഊരുകളിലാണ് ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്; എത്ര പേർ ഇതുവരെ മരണപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ആയതിനെതിരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) മരണം സംഭവിച്ചവരുടെ ബന്ധുക്കൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>ആദിവാസി ഊരുകളിലെ ശിശുമരണം</u>

287 ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആദിവാസികളുടെ ക്ഷേമത്തിനായി എന്തൊക്കെ കാര്യങ്ങൾ ചെയ്തു; ഈ ഇനത്തിൽ ഇതുവരെ എത്ര കോടി രൂപ ചെലവഴിച്ചു;

(ബി) ആദിവാസി ഊരുകളിൽ പട്ടിണിയും പോഷകാഹാരക്കുറവും മൂലമുളള ശിശുമരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കഴിഞ്ഞ രണ്ടു വർഷത്തിനുളളിൽ ഇത്തരത്തിൽ എത്ര കുട്ടികൾ മരണപ്പെട്ടു;

(ഡി) ഇതിനെപ്പറ്റി അന്വേഷണമോ പഠനമോ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ റിപ്പോർട്ട് ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**10.06.2013-ലെ മറുപടിക്ക്**

<u>ആദിവാസി മേഖലയിലെ ശിശുമരണം</u>

288 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി ക്ഷേമത്തിന് കഴിഞ്ഞ വർഷങ്ങളിൽ ചെലവഴിച്ച തുകയെ സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) മനുഷ്യാവകാശ കമ്മീഷന് നൽകിയ റിപ്പോർട്ടിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് വെയ്ക്കാമോ;

(സി) ദേശീയ മനുഷ്യാവകാശ കമ്മീഷൻ ആദിവാസി മേഖലയിലെ ശിശു മരണങ്ങളെക്കുറിച്ച് സർക്കാറിനോട് ആവശ്യപ്പെട്ട റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ നൽകിയ റിപ്പോർട്ടിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് വെയ്ക്കാമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>അട്ടപ്പാടിക്കായി പ്രത്യേക പാക്കേജ്</u>

289 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ പോഷകാഹാരക്കുറവുമൂലവും വിവിധ ദുരിത സാഹചര്യങ്ങളാലും ശിശുമരണങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടത് എപ്പോഴാണ്; എങ്ങനെയാണ് വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടത്;

(ബി) ശ്രദ്ധയിൽപ്പെട്ടതിനുശേഷം, എന്തുകൊണ്ടാണ് ഈ ദുരന്തം ഉണ്ടായതെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ നിഗമനങ്ങൾ എന്തൊക്കെയാണ്;

(സി) ഈ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ അട്ടപ്പാടിക്കായി പ്രത്യേക പാക്കേജ് മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രഖ്യാപിച്ചത്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രഖ്യാപിച്ച പാക്കേജിലെ ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയെന്തെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ
ഐ.റ്റി.ഡി.പി. യ്ക്ക് ഓഫീസ്

290 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർ വളരെയധികം അധിവസിക്കുന്ന അട്ടപ്പാടി മേഖലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് ഐ.റ്റി.ഡി.പി ഓഫീസില്ല എന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഗ്രാമവികസന വകുപ്പിന് കീഴിൽ പ്രവർത്തിയ്ക്കുന്ന (ഐ.റ്റി.ഡി.പി) ഓഫീസിനോട് ചേർന്ന് പ്രവർത്തിയ്ക്കുന്ന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രവർത്തനം പരിമിതപ്പെട്ടതാണെന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഗ്രാമവികസന വകുപ്പിൽ നിന്നും 'ബൈഫർക്കേഷൻ' നടത്തി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ (ഐ.റ്റി.ഡി.പി) ഓഫീസ് രൂപീകരിയ്ക്കുന്നതിനുള്ള നടപടി പട്ടികവർഗ്ഗക്ഷേമ വകുപ്പ് പൂർത്തീകരിയ്ക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) സ്വതന്ത്രമായി പ്രവർത്തിയ്ക്കുന്ന പട്ടികവർഗ്ഗ വികസന ഓഫീസ് ഇല്ലാത്തത് പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ സ്വതന്ത്രമായ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ് രൂപീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) ഇപ്പോൾ അട്ടപ്പാടിയിൽ ഉണ്ടായ ദുരന്തം നിവാരണം ചെയ്യുന്നതിനും ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ആവർത്തിയ്ക്കാതിരിയ്ക്കുന്നതിനും അട്ടപ്പാടിയിൽ ഗ്രാമവികസന വകുപ്പിന്റെ കീഴിൽ നിന്നും സ്വതന്ത്രമായി ഒരു ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ് രൂപീകരിയ്ക്കുന്നതിന് തയ്യാറാകുമോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ; രൂപീകരിക്കുന്നെങ്കിൽ സമയബന്ധിതമായി ഇക്കാര്യത്തിൽ നടപടി സ്വീകരിയ്ക്കുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ ദരിദ്ര കുടുംബങ്ങളുടെ റേഷൻകാർഡ് ബി. പി. എൽ ആക്കുവാൻ നടപടി</u>

291 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ആദിവാസി മേഖലയിൽ വർദ്ധിച്ചുവരുന്ന ശിശുമരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മതിയായ ഭക്ഷണം ലഭിക്കാതെയും പോഷകാഹാരക്കുറവുമൂലവും നടക്കുന്ന ഇത്തരം മരണങ്ങൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു;

(സി) 2013 ജനുവരി 1 മുതൽ ഇന്നുവരെ 40 വയസിന് താഴെയുള്ളവരുടെ എത്ര മരണങ്ങൾ അട്ടപ്പാടിയിൽ ഉണ്ടായിട്ടുണ്ട്; ഇതിൽ 15 വയസ്സിന് താഴെയുള്ള എത്ര കുട്ടികൾ ഉണ്ട്;

(ഡി) പൂർണ്ണ ദാരിദ്ര്യം അനുഭവിക്കുന്ന അട്ടപ്പാടിയിലെ 3000 ത്തോളം കുടുംബങ്ങൾക്ക് ഇപ്പോഴും എ. പി. എൽ റേഷൻകാർഡുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതുമൂലം ആവശ്യത്തിന് ഭക്ഷ്യധാന്യം ലഭിക്കാത്തത് പട്ടിണിയിലേക്ക് അവരെ നയിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഈ കാർഡുകൾ ബി. പി. എൽ ആക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ ആദിവാസി അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണം</u>

292 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ എത്ര ആദിവാസി കുഞ്ഞുങ്ങൾ മരണപ്പെട്ടു;

(ബി) മരണപ്പെടുവാനുണ്ടായ കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ആദിവാസി അമ്മമാരുടെയും, കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനായി സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പ് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി; ഓരോ ഇനത്തിലും എന്ത് തുക ചെലവഴിച്ചു; വാർഷികാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ

(ഡി) ആദിവാസി ക്ഷേമ പദ്ധതികൾ ന്യൂനതകളില്ലാതെ നടപ്പിലാക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ പോഷകാഹാര കുറവ് സംബന്ധിച്ച സർവ്വേ</u>

293 ശ്രീ.എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോഷകാഹാര കുറവുള്ള കുട്ടികളെയും അമ്മമാരെയും കണ്ടെത്താൻ പട്ടികവർഗ്ഗ വികസന വകുപ്പ് അട്ടപ്പാടിയിൽ സർവ്വേ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരാണ് സർവ്വേക്ക് നേതൃത്വം നൽകിയത്; എന്നായിരുന്നു സർവ്വേ; എത്ര ഊരുകളിൽ സർവ്വേ നടത്തി; സർവ്വേയുടെ കണ്ടെത്തൽ സർക്കാരിന് നൽകിയിട്ടുണ്ടോ; ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) സർവ്വേയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

അട്ടപ്പാടിയിലെ ആദിവാസി ശിശുമരണം

294 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാലക്കാട് ജില്ലയിലെ അട്ടപ്പാടിയില്‍ പോഷക ആഹാര കുറവ് മൂലം കഴിഞ്ഞ ഒരു വര്‍ഷത്തിനുള്ളില്‍ എത്ര പേര്‍ മരണപ്പെട്ടുവെന്ന് വിശദമാക്കുമോ;

(ബി) മാസം തികയാതെയുള്ള പ്രസവം, ഭാരക്കുറവ്, ജന്മനായുള്ള ഹൃദയ വൈകല്യം എന്നീ കാരണങ്ങള്‍ കൊണ്ട് എത്ര കുട്ടികളാണ് മരണപ്പെട്ടത് എന്ന് വിശദമാക്കുമോ;

(സി) അട്ടപ്പാടിയിലെ ആദിവാസി വിഭാഗക്കാരുടെ സംരക്ഷണത്തിനായി എന്തെല്ലാം പാക്കേജുകളാണ് പ്രഖ്യാപിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ഡി) ഇത്തരത്തിലുള്ള പാക്കേജുകള്‍ക്കായി എത്ര കോടി രൂപയാണ് മാറ്റിവെച്ചിട്ടുള്ളത് എന്ന് വകുപ്പ് തിരിച്ചുള്ള കണക്ക് വിശദമാക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

## ആദിവാസി മേഖലകളിലെ അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും സംരക്ഷണം

295 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആദിവാസി മേഖലകളിൽ പട്ടിണിയും പോഷകാഹാരക്കുറവും പകർച്ചവ്യാധികളും നിമിത്തം ആദിവാസിക്കുഞ്ഞുങ്ങൾ മരിച്ചുപോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) അട്ടപ്പാടി-അഗളി മേഖലയിൽ എത്ര കുഞ്ഞുങ്ങൾ കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ മരണപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; മരണത്തിനിടയാക്കിയ സാഹചര്യം വിശദീകരിക്കുമോ;

(സി) കഴിഞ്ഞ രണ്ട് സാമ്പത്തികവർഷങ്ങളിൽ ഗർഭിണികളായ ആദിവാസി അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ക്ഷേമത്തിന് സംസ്ഥാനത്ത് എത്ര തുക വകയിരുത്തിയെന്നും ആയതിന്റെ വിനിയോഗവും വിശദീകരിക്കുമോ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

## അട്ടപ്പാടി മേഖലയിലെ ശിശുമരണ നിരക്ക് കുറയ്ക്കാനുള്ള നടപടികൾ

296

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മെയ് മാസത്തിന് ശേഷം അട്ടപ്പാടി മേഖലയിലെ മൂന്ന് പഞ്ചായത്തുകളിലായി എത്ര ആദിവാസികളാണ് മരണമടഞ്ഞിട്ടുളളത്; ഇവരിൽ സ്ത്രീകൾ, പുരുഷന്മാർ, ഗർഭിണികൾ, മൂന്നുമാസം വരെയുളള ശിശുക്കൾ, കുട്ടികൾ, യുവതികൾ എന്നിവർ എത്ര; വർഷം തിരിച്ചുളള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇവരുടെ മരണത്തിനുളള കാരണങ്ങൾ എന്തൊക്കെയാണ്;

(സി) ഈ മേഖലയിൽ ആദിവാസികൾക്കിടയിൽ മരണനിരക്ക് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് തുടർ നടപടികളാണ് സ്വീകരിച്ചത്;

(ഡി) 2013 ഏപ്രിൽ, മെയ് മാസങ്ങളിൽ മാത്രം എത്ര ശിശുമരണങ്ങളാണ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടത്;

(ഇ) ശിശുമരണ നിരക്ക് ഇവിടെ ദേശീയ/സംസ്ഥാന ശരാശരിയെക്കാളും ഉയർന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് എത്ര;

(എഫ്) ശിശുമരണ നിരക്ക് കുറയ്ക്കാൻ എന്തെല്ലാം അടിയന്തിര നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ ശിശുമരണ നിരക്ക്</u>

297 ശ്രീ. എം. എ. ബേബി
'' കോലിയക്കോട് എൻ. കൃഷ്ണൻ നായർ
'' പി. റ്റി. എ. റഹീം
'' സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് കൂടിയ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ എത്ര കുഞ്ഞുങ്ങൾ മരിക്കാനിടയായിട്ടുണ്ട്; പോഷകാഹാരക്കുറവു കൊണ്ട് മരിച്ച കുട്ടികൾ എത്ര;

(ബി) അട്ടപ്പാടിയിലെ കുഞ്ഞുങ്ങളിലും മുലയൂട്ടുന്ന അമ്മമാരിലും കണ്ടെത്തിയ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ എന്തെല്ലാമാണ്;

(സി) കൂട്ടത്തോടെ കുട്ടികളുടെ ജീവൻ നഷ്ടപ്പെടുന്നതിലേക്ക് നയിച്ച വീഴ്ചകൾ എന്തെല്ലാമാണെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ഡി) അട്ടപ്പാടി സന്ദർശിച്ചിരുന്ന വിദഗ്ദ്ധ സംഘം സർക്കാരിന് നൽകിയ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ; റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

അട്ടപ്പാടിയിലെ ശിശുമരണം

298 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ പട്ടികവർഗ്ഗ സമുദായത്തിൽ ഉൾപ്പെട്ട 30–ലേറെ നവജാതശിശുക്കൾ മരണമടഞ്ഞ സാഹചര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം സംഭവിയ്ക്കാനിടയായ സാഹചര്യങ്ങളെക്കുറിച്ച് വിശദമായി പഠിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഭാവിയിൽ ഇത്തരം ദുരന്തം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കുവാൻ ഉദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ദുരന്തം ഏതെങ്കിലും സർക്കാൻ സംവിധാനത്തിന്റെ വീഴ്ചയോ പരാജയമോ ആയി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) അപ്രകാരം വീഴ്ച വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

?

അട്ടപ്പാടിയിലെ ശിശുമരണത്തെക്കുറിച്ച് കേന്ദ്ര ഗവൺമെന്റിന് നൽകിയ റിപ്പോർട്ട്

299 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസി ഊരുകളിലെ നവജാത ശിശുക്കളുടെ മരണങ്ങളും ഊരുകളിലെ പോഷകാഹാരക്കുറവും സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് സംസ്ഥാന സർക്കാരിന്റെ വിശദീകരണം തേടിയിട്ടുണ്ടായിരുന്നോ;

(ബി) എങ്കിൽ സർക്കാർ കേന്ദ്ര ഗവൺമെന്റിനയച്ച വിശദീകരണ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ ശിശുമരണത്തെക്കുറിച്ചുള്ള പഠനം</u>

300 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അട്ടപ്പാടിയിൽ എത്ര കുട്ടികൾ മരണമടഞ്ഞു;

(ബി) അട്ടപ്പാടിയിൽ ആദിവാസി ഊരുകളിലെ നവജാതശിശുക്കളുടെ മരണം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) അട്ടപ്പാടിയിലെ ദാരിദ്ര്യനിർമ്മാർജ്ജനത്തിനും രോഗനിവാരണത്തിനുംവേണ്ടി എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ ആദിവാസി പ്രമോട്ടർമാർ</u>

301 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിലെ മൂന്ന് പഞ്ചായത്തുകളിലായി എത്ര ആദിവാസി ഊരുകളാണ് ഉളളത്; ഊരുകളിൽ ഇപ്പോഴത്തെ ജനസംഖ്യ എത്ര ;

(ബി) ഈ മേഖലയിൽ നിലവിൽ എത്ര എസ്.ടി പ്രമോട്ടർമാരാണ് ഉളളത് ; 2011 മേയ് വരെ എത്രപേരൊണ് ഉണ്ടായിരുന്നത് ; 2013 ഏപ്രിൽ മാസത്തിന്ശേഷം പുതുതായി എത്രപേരെ നിയമിച്ചിട്ടുണ്ട് ;

(സി) എസ്.ടി പ്രമോട്ടർമാരുടെ ചുമതലകൾ എന്തൊക്കെയാണ്;

(ഡി) എസ്.ടി പ്രമോട്ടർമാർ വകുപ്പിലെ ഏതു ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത് ;

(ഇ) പോഷകാഹാരക്കുറവുമൂലമുളള ആരോഗ്യ പ്രശ്നങ്ങൾ അനീമിയ, വിളർച്ച, ശിശുമരണം, രോഗങ്ങൾ തുടങ്ങിയവ എസ്.ടി. പ്രമോട്ടർമാർ റിപ്പോർട്ടു ചെയ്തിട്ടുണ്ടോ; ഏതെല്ലാം ഊരുകളിൽ നിന്നും ഇവ റിപ്പോർട്ടു ചെയ്തിട്ടുണ്ട് ;

(എഫ്) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>ആദിവാസികൾക്ക് ബോധവൽക്കരണത്തിനായി പ്രമോട്ടർമാർ</u>

302 ശ്രീ.വി.പി.സജീന്ദ്രൻ
'' ഐ.സി. ബാലകൃഷ്ണൻ
'' റ്റി. എൻ. പ്രതാപൻ
'' പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും_വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസികൾക്കിടയിലുള്ള ആരോഗ്യ പ്രശ്നങ്ങൾ കണക്കിലെടുത്ത് ആരോഗ്യ ബോധവൽക്കരണത്തിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) ബോധവൽക്കരണത്തിനായി പ്രമോട്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എന്തെല്ലാം പരിശീലനങ്ങളാണ് പ്രമോട്ടർമാർക്ക് നൽകുന്നത്;

(ഡി) പ്രമോട്ടർമാരെ തെരെഞ്ഞെടുക്കുന്ന രീതി എങ്ങനെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള പ്രത്യേക പാക്കേജ്</u>

303 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചത് എപ്പോഴായിരുന്നു; അവ എന്തെല്ലാമാണ്; അവയിൽ ഇപ്പോഴും നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെ;

(ബി) അട്ടപ്പാടിയിൽ പ്രഖ്യാപിച്ച പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്നും എന്തു തുക ഇതിനകം അനുവദിക്കുകയുണ്ടായി എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യപ്രശ്നം

304 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. വി. ചെന്താമരാക്ഷൻ
'' ബി.ഡി. ദേവസ്സി
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യപ്രശ്നം സർക്കാർ പ്രത്യേകമായി പഠിക്കുകയും വിലയിരുത്തുകയും ചെയ്തിട്ടുണ്ടോ;

(ബി) തുടർച്ചയായി കുട്ടികൾ മരിക്കാനിടയായ സാഹചര്യം പഠനവിധേയമാക്കുകയുണ്ടായോ; ഇതു സംബന്ധിച്ച് സർക്കാരിന് ലഭിച്ച റിപ്പോർട്ടുകൾ ഏതൊക്കെ; റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) അട്ടപ്പാടി ഊരുകളിലെ നിവാസികളുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം പദ്ധതികളായിരുന്നു ഉണ്ടായിരുന്നത്; അവയിൽ നിലവിൽ ഇല്ലാതായിരിക്കുന്നവ ഏതൊക്കെയാണ്;

(ഡി) ഊരുകളിലെ ദുരവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പ്രഖ്യാപിച്ചിരുന്നത്; അവയിൽ ഇപ്പോഴും നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>ചാലക്കുടി മണ്ഡലത്തിലെ നായരങ്ങാടി എം. ആർ. എസ്. ന് ലൈബ്രറിയും, ഓഡിറ്റോറിയവും</u>

305 ശ്രീ.ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ നായരങ്ങാടി എം. ആർ. എസ് -ന് ലൈബ്രറിയും, ഓഡിറ്റോറിയവും അനുവദിയ്ക്കുന്നതിനായുള്ള അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) എം. ആർ. എസ്സ്ന് ആവശ്യമായ കളിസ്ഥലം ലഭ്യമാക്കുന്നതിനായി ഭൂമി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷയിൻമേലുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

### ഏറനാട് മണ്ഡലത്തിലെ പട്ടികവര്‍ഗ്ഗ കോളനികളിലെ വികസന പദ്ധതികള്‍

306 ശ്രീ. പി.കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പട്ടികവര്‍ഗ്ഗക്കാരുടെ ക്ഷേമത്തിനായി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പുതിയക്ഷേമ പദ്ധതികള്‍ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പട്ടികവര്‍ഗ്ഗ കോളനികളെയാണ് ഇത്തരം പദ്ധതികളിലേക്ക് തെരഞ്ഞെടുത്തിട്ടുളളത്;
പ്രസ്തുത കോളനികളുടെ പേരും, പഞ്ചായത്തുമടക്കമുളള വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം ഏറനാട് മണ്ഡലത്തില്‍ പട്ടികവര്‍ഗ്ഗ കോളനികളില്‍ നാളിതുവരെയായി നിലവില്‍ വന്നിട്ടുളള വികസന പദ്ധതികള്‍ എന്തെല്ലാം; അവയുടെ പ്രവര്‍ത്തന പുരോഗതി വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>വടകരയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥി ഹോസ്റ്റലിന്റെ കെട്ടിട നിർമ്മാണം</u>

307 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വടകരയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഹോസ്റ്റലിന്റെ അപര്യാപ്തതകൾ പരിഹരിക്കുവാൻ ഹോസ്റ്റലിന്റെ സമീപത്തുള്ള സർക്കാർ സ്ഥലത്ത് കെട്ടിടം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>സർക്കാർ അധികാരമേറ്റതിനു ശേഷമുള്ള ജോബ് ഫെസ്റ്റുകൾ</u>

308 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവു കളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തൊഴിൽ അന്വേഷകർക്കായി എത്ര ജോബ് ഫെസ്റ്റുകൾ നടത്തി; എവിടെയെല്ലാമാണ് നടത്തിയത്;

(ബി) ഏതെല്ലാം തീയതികളിലാണ് നടത്തിയത്; സംഘടിപ്പിക്കപ്പെട്ട ജോബ് ഫെസ്റ്റുകളിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് പങ്കെടുത്തത്;

(സി) പ്രസ്തുത ജോബ് ഫെസ്റ്റുകൾ മുഖാന്തിരം എത്രപേർക്ക് തൊഴിൽ ലഭിച്ചു; വിശദാംശം ജില്ലാടിസ്ഥാനത്തിൽ നൽകാമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

### യുവജന നയം

309 ശ്രീ. ഹൈബി ഈഡൻ
'' വി. റ്റി. ബൽറാം
'' പി. സി. വിഷ്ണുനാഥ്
'' ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രഖ്യാപിച്ച യുവജന നയം നടപ്പിലാക്കുന്നതിന് പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിച്ചത്;

(ഡി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി നേടിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ പുതിയ മ്യൂസിയങ്ങൾ</u>

310

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ മ്യൂസിയങ്ങൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി സർക്കാർ ഉത്തരവുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പുതുതായി മ്യൂസിയങ്ങൾ എവിടെയെല്ലാമാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്; ഏതെല്ലാം താലൂക്കുകളിലാണ്;

(സി) അതിന്റെ പ്രാരംഭ ചെലവുകൾക്കായി എന്ത് തുക അനുവദിച്ചു; എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം മൃഗശാലയിലെ പരിസ്ഥിതിസൗഹൃദ കാർ</u>

311 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിലെ പരിസ്ഥിതി സൗഹൃദ കാർ ഏർപ്പെടുത്തിയിരിക്കുന്നതിനായി എത്ര തുക ചെലവായിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) ഉത്ഘാടനദിവസം മുതൽ നാളിതുവരെ പ്രസ്തുത കാറിൽ നിന്നും എത്ര തുകയുടെ വരുമാനം ലഭിച്ചു. വിശദവിവരം നൽകുമോ;

(സി) പ്രസ്തുത കാറിന്റെ മെയിന്റനൻസിനായി എന്തു തുക ചെലവഴിച്ചു;

(ഡി) ഇത്തരത്തിൽ കൂടുതൽ 'പരിസ്ഥിതിസൗഹൃദകാറുകൾ' വാങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ;

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ
തിരുവനന്തപുരം, സെക്രട്ടറി
2013 ജൂൺ 01

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം 5.00 മണിയ്ക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്.
[ ചട്ടം 47(1)]